ദേശാഭിമാനി E-PAPER

08-01-2026 Alappuzha 04 Page 4

04 പൊതുവാർത്ത
2026 ജനുവരി 8 വ്യാഴം ALP ദേശാഭിമാനി

സഹകരണ പെൻഷൻകാരുടെ വാഹനജാഥ 29 മുതൽ

കണ്ണൂർ

സഹകരണ പെൻഷൻ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് കേരള സഹകരണ സർവീസ് പെൻഷനേഴ്സ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി സംഘടിപ്പിക്കുന്ന വാഹന ജാഥ 29ന് മഞ്ചേശ്വരത്തുനിന്ന് തുടങ്ങും. സംസ്ഥാന ജനറൽ സെക്രട്ടറി മുണ്ടേരി രാമകൃഷ്ണൻ നയിക്കുന്ന ജാഥ 30ന് തിങ്കളാഴ്ച വൈകുന്നേരം 9.30ന് പയ്യന്നൂർ, പകൽ 11 ന് തളിപ്പറമ്പ്, 12.30ന് കണ്ണൂർ, മൂന്നിന് മട്ടന്നൂർ, 4.30 ന് തലശേരി എന്നിവിടങ്ങളിൽ സ്വീകരണം നൽകും.

ഫെബ്രുവരി മെയ്യതുമുതൽ 17 വരെ റിലേ സത്യഗ്രഹവും 23 മുതൽ സംസ്ഥാന ജാഥാറിലുകളുടെ അനിശ്ചിതകാല നിരാഹാര സത്യഗ്രഹവും നടക്കും. പ്രക്ഷോഭ സമരങ്ങൾ വിജയിപ്പിക്കാൻ ജില്ലാ കമ്മിറ്റിയോഗം തുമ്പമനിച്ചു. തദ്ദേശ സ്ഥാപനങ്ങളിലേക്ക് ജയിച്ച അസോസിയേഷൻ നേതാക്കളായ ഇ ഇബിന, കെ വി അബ്ദുൾകർ എന്നിവർക്ക് യോഗത്തിൽ സ്വീകരണം നൽകി.

എ മാധവി അധ്യക്ഷയായി. വി മുകുന്ദൻ, എൻ വി അജയകുമാർ, കെ പി പ്രഭാകരൻ, കെ വി മോഹനൻ, പി വി ബാബു, കെ.പി. ഗോപിനാഥ്, സി വി കുഞ്ഞിക്കൃഷ്ണൻ, എ പവിത്രൻ എന്നിവർ സംസാരിച്ചു.

മാടക്കത്തറ സബ്സ്റ്റേഷനിൽ പൊട്ടിത്തെറി; വിവിധയിടങ്ങൾ ഇരുട്ടിലായി

തൃശൂർ

മാടക്കത്തറ 400 കെ വി (2000 എം വി എ) സബ് സ്റ്റേഷനിൽ പൊട്ടിത്തെറി. ജില്ലയിലെ വിവിധയിടങ്ങൾ ഇരുട്ടിലായി. ബുധൻ രാത്രി 7.30ടെയാണ് അപകടം. സബ് സ്റ്റേഷനിലെ സാമഗ്രികൾ തകരാറിനെത്തുടർന്നുണ്ടായ പൊട്ടിത്തെറിയുടെ ആഘാതത്തിൽ ഭാരനിയന്ത്രണ ഹൗസിലെ ട്രാൻസ്ഫോർമറിലെ ഇലക്ട്രിക്കൽ ഉപകരണങ്ങൾ തകർന്നു. ഫയർഫോഴ്സ് സ്ഥലത്തെത്തി തീയണച്ചു. ആളപായമില്ല. ഇന്നലെ തൃശൂർ നഗരം, ഒല്ലൂർ, ചാലക്കുടി, കുന്നംകുളം മണ്ഡലങ്ങളിലെ വിവിധയിടങ്ങൾ ഇരുട്ടിലായി. രണ്ടുമണിക്കൂർ കഴിഞ്ഞാണ് തൃശൂർ നഗരത്തിൽ വൈദ്യുതി ബന്ധം പുനഃസ്ഥാപിച്ചത്.

കെഎസ്ഇബി ഉന്നത ഉദ്യോഗസ്ഥരും അറ്റകുറ്റപ്പണി നടത്തുന്ന സംഘവും സ്ഥലത്തെത്തി യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ചു. കെഎസ്ഇബി ഉന്നതതല റിപ്പോർട്ട് തേടി. ലോഡ് ഷെഡിങ് ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ നടത്തി ബാക്കി സ്ഥലങ്ങളിലും വൈദ്യുതി എത്തിക്കാനുള്ള നീക്കത്തിലാണ് അധികൃതർ.

പത്രപ്രവർത്തകേതര പെൻഷൻ വമ്പിനു മുമ്പേ ജബ്ലി സമാപിച്ചു

തിരുവനന്തപുരം

കേരള നോൺ ജേർണലിസ്റ്റ് പെൻഷനേഴ്സ് യൂണിയൻ നേതൃത്വത്തിൽ സംഘടിപ്പിച്ച പത്രപ്രവർത്തകേതര പെൻഷൻ സമ്പ്രദായത്തിലെ രജതജൂബിലി ആഘോഷത്തിന്റെ സമാപന സമ്മേളനം എം എം ഹസ്സൻ ഉദ്ഘാടനം ചെയ്തു.

കേരളത്തിലെ എൽഡിഎഫ് സർക്കാരുകൾ എക്കാലത്തും പത്രപ്രവൃത്തിസമയമേഖലയിലെ ജീവനക്കാരോട് വലിയ കരുതലും സ്നേഹവും കാത്തുസൂക്ഷിച്ചിട്ടുണ്ടെന്ന് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു.

യൂണിയൻ സംസ്ഥാന വൈസ് പ്രസിഡന്റ് പി സുധാകരൻ അധ്യക്ഷനായി. സി പിഐഎ ദേശീയ സെക്രട്ടറിയറ്റ് അംഗം കെ പ്രകാശ്ബാബു, യൂണിയൻ ജനറൽ സെക്രട്ടറി വി ബാലഗോപാലൻ, സിനിയർ ജേർണലിസ്റ്റ് യൂണിയൻ പ്രസിഡന്റ് എസ് അർ ശക്തിധരൻ, ബൈജു ജീവിക, എം കെ സുരേഷ് തുടങ്ങിയവർ സംസാരിച്ചു.

ജിഎസ്ടി സിമ്പോസിയം

തിരുവനന്തപുരം

ദി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ് ഓഫ് ഇന്ത്യ സംഘടിപ്പിച്ചതുന്ന നാലാമത് അഖിലേന്ത്യ ജിഎസ്ടി സിമ്പോസിയം വ്യാഴം, വെള്ളി ദിവസങ്ങളിൽ കോവളത്ത് നടക്കും. കോവളം ഉദയ സമുദ്ര ബീച്ച് ഹോട്ടലിൽ സിമ്പോസിയം വ്യാഴാഴ്ച വൈകിട്ട് 3.30ന് മുഖ്യതുല്യ പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

■ അന്താരാഷ്ട്ര സ്പൈസ് റൂട്ട്സ് സമ്മേളനം

33 സ്പൈസ് പാതകൾക്ക് രൂപംനൽകി കേരളം

കൊച്ചി

INTERNATIONAL SPICE ROUTES CONFERENCE
Ancient Trade, New Journeys.

പൈതൃക ടൂറിസം വിപുലീകരിച്ച് കാസർകോട്ടുമുതൽ കൊല്ലംവരെ വ്യാപിക്കുന്ന 33 സ്പൈസ് പാതകൾ പ്രഖ്യാപിച്ച് കേരളം. കേരളത്തിന്റെ സമ്പന്നമായ ചരിത്രത്തിലൂടെയും സാസ്കാരത്തിലൂടെയും യാത്രികരെ കൊണ്ടുപോകുന്നതാണ് ഈ പാതകൾ. സംസ്ഥാന ടൂറിസം വകുപ്പുമായി ചേർന്ന് മുസിരിസ് ഹെറിറ്റേജ് പ്രോജക്ട് ബോർഡാണ് പാലസിൽ സംഘടിപ്പിച്ച പ്രഥമ അന്താരാഷ്ട്ര സ്പൈസ് റൂട്സ് സമ്മേളനത്തിൽ മന്ത്രി പി എ മുഹമ്മദ് റിയാസാണ് പദ്ധതി പ്രഖ്യാപിച്ചത്. സമ്മേളനം വ്യാഴാഴ്ച സമാപിക്കും.

മന്ത്രി പി എ മുഹമ്മദ് റിയാസണ് പദ്ധതി പ്രഖ്യാപിച്ചത്

നൂറ്റാണ്ടുകൾക്കുമുമ്പ് ആഗോള സമുദ്ര വ്യാപാരത്തിന്റെയും സാംസ്കാരിക ഇടപെടലുകളുടെയും കേന്ദ്രമായി കേരളത്തെ അടയാളപ്പെടുത്തിയ സ്പൈസ് റൂട്ടുകളുടെ ഈ യാത്ര കാസർകോട് ബേക്കലിൽ ആരംഭിച്ച് കണ്ണൂർ, കോഴിക്കോട്, തൃശൂർ, എറണാകുളം, ആലപ്പുഴ, കൊല്ലം ജില്ലകളിലെ വിവിധയിടങ്ങളിലേക്ക് സ്പൈസ് ജേർണിസ് യാത്രികരെ കൊണ്ടു പോകും. പരിത്രപ്രധാനമുള്ള ഉത്സവങ്ങൾ, തെയ്യവുകൾ, മേളത്തുങ്ങൾ, പള്ളികൾ, തുറമുഖങ്ങൾ എന്നിവ ഉൾപ്പെടും.

വൃത്യസ്തമുഖ പ്രദേശങ്ങളെയും ചരിത്രപ്രാധാന്യത്തെയും അടിസ്ഥാനമാക്കിയുള്ള 4ട് ക്ലസ്റ്ററുകളിലായാണ് 33 യാത്രാ പാക്കേജുകൾ. കാസർകോട്– ബേക്കൽ ക്ലസ്റ്ററിന് മണ്ട് ഭാഗങ്ങളാണുള്ളത്. കുടക് തുളുനാട് സ്പൈസസ് പാതയും കുടക് ബേക്കൽ സ്പൈസ് പാതയും. കണ്ണൂർ–തലശേരി സർക്യൂട്ടിൽ മാപ്പിള പാചകസ്പൈസ്, തെയ്യം അനുഭവം തുടങ്ങിയവ ഉൾപ്പെടുന്നു. ആശാനുകൂ സുഗന്ധവ്യഞ്ജന തുറമുഖമെന്ന നിലയിൽ കൊച്ചിയുടെ വളർച്ച വെളിപ്പെടുത്തുന്നതാണ് ഫോർട്ട് കൊച്ചി ക്ലസ്റ്ററിലെത്തുന്ന യാത്രികർക്ക് നൽകുന്ന അനുഭവം. എറണാകുളം–തൃശൂർ മുസിരിസ് ഹെറിറ്റേജ് വാക് സ്പൈസ് പാത പൈതൃക കഥകൾ നിറഞ്ഞതാണ്. കുറ്റൂർ–കോഴിക്കോട്, തുമ്പപ്പുഴ, കൊല്ലം എന്നിവയാണ് മറ്റ് ക്ലസ്റ്ററുകൾ.

വിളവുണ്ടായിട്ടും വിലയില്ല; കാപ്പി കർഷകർ പ്രതിസന്ധിയിൽ

ടി കെ സുധേഷ്കുമാർ

അടിമാലി

രണ്ടുമാസത്തിനിടെ കാപ്പിക്കുരുവിന് 50 രൂപയും പരിപ്പിന് 75 രൂപയും കുറഞ്ഞു

വിളവെടുപ്പ് ആരംഭിച്ചതോടെ കർഷകരെ പ്രതിസന്ധിയിലാക്കി കാപ്പിക്കുരു വിലയിൽ ഇടിവ്. രണ്ടുമാസത്തിനിടെ ഒരുകിലോ റോബസ്റ്റ കാപ്പിക്കുരുവിന് 50 രൂപയും കാപ്പി പരിപ്പിന് 75 രൂപയും കുറഞ്ഞു. കർഷകരെ സഹായിക്കാൻ കോഫി ബോർഡോ കേന്ദ്ര സർക്കാരോ നടപടി സ്വീകരിക്കാത്തതും തിരിച്ചടിയാവുന്നു.

240 രൂപയായിരുന്ന റോബസ്റ്റ കാപ്പിക്കുരുവിന് ഡിസംബർ അവസാനമായപ്പോൾ 190 രൂപയാണ് ലഭിക്കുന്നത്. കാപ്പി പരിപ്പിന് രണ്ടുമാസം മുമ്പുണ്ടായിരുന്ന 450 രൂപ 375 രൂപയായും കുറഞ്ഞു. 2021 ഡിസംബറിൽ കാപ്പിക്കുരുവിന് 80രൂപയും പരിപ്പിന് 140 രൂപയുമായിരുന്നു. 2022ൽ ഇത് യഥാക്രമം 93ഉം 175ഉം രൂപയായി. 2024ൽ കാപ്പിക്കുരുവിന് 222 രൂപയും പരിപ്പിന് 395 രൂപയുമായി. ഇടുക്കിയിൽ കാപ്പി കൃഷിചെയ്യുന്ന 15 ലക്ഷം വൻകിട എസ്റ്റേറ്റുകളും 20,000 ചെറുകിട കർഷകരുമുണ്ട്. സിസസിനി മറ്റേതുവണ ലഭിക്കുന്ന വിളവിനെ ആശ്രയിച്ചാണ് കാപ്പി കൃഷി. ദിവസം 800 രൂപയിൽ അധികം കൂലി നൽകിക്കൊണ്ടിരിക്കുമ്പോൾ ഒരുകിലോ കാപ്പിക്കുരുവിന് 93 രൂപ ലഭിക്കുന്നത് ഉൾപ്പെടെ തൊഴിലാളികളെ ലഭിക്കുന്നതിനാൽ ചെറുകിട കർഷകരുടെ തോട്ടങ്ങളിൽ ജോലിചെയ്യാൻ ആരുമില്ലാത്ത സ്ഥിതിയുമുണ്ടായിട്ടുണ്ട്. ഇത്തവണ തോട്ടങ്ങളിൽ ജോലിചെയ്യാൻ ആളെത്തിയിട്ടുണ്ടെന്നും ഇത് ഗുണകരമായ സ്ഥിതിയുമുണ്ടെന്നും തോട്ടം ഉടമകൾ പറഞ്ഞു. ഇത്തവണ തോട്ടങ്ങളിൽ ജോലിചെയ്യാൻ ആളെത്തിയതിനാൽ കൂലിയിനത്തിൽ ഒരുകിലോ കാപ്പിക്കുരുവിന് 5 രൂപ ലാഭിക്കാനായി. ഒരുകിലോ കാപ്പിക്കുരു ഉണക്കിയെടുക്കുമ്പോൾ 2 കിലോ കാപ്പിക്കുരുവിന് 1 കിലോ ഉണക്കിയ കുരുവാണ് ലഭിക്കുന്നത്. ഇത്തരത്തിൽ ഒരുകിലോ കാപ്പിക്കുരുവിന് 93 രൂപ ലഭിക്കുമ്പോൾ ഉണക്കിയ കുരുവിന് 186 രൂപ ലഭിക്കുന്നു. ഇത്തരത്തിൽ ഒരുകിലോ കാപ്പിക്കുരുവിന് 186 രൂപ ലഭിക്കുമ്പോൾ ഒരുകിലോ കാപ്പിക്കുരുവിന് 240 രൂപ ചെലവ് വരുന്നതായി കർഷകർ പറഞ്ഞു. ഇത്തരത്തിൽ ഒരുകിലോ കാപ്പിക്കുരുവിന് 54 രൂപ നഷ്ടമുണ്ടാകുന്നതായി കർഷകർ ചൂണ്ടിക്കാട്ടുന്ന

Copyrights © 2026. All Right Reserved.